"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ലാബുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/DMD തീയതി 09-01-2025,തിരുവനന്തപുരം

---

പരാമർശം:-
1) 21/06/2018 തീയതിയിലെ സ.ഉ(കൈ)നം.7/2018/ഡിഎംഡി ഉത്തരവ്
2) 26/10/2018 തീയതിയിലെ സ.ഉ(കൈ)നം.24/2018/ഡിഎംഡി ഉത്തരവ്
3) 23/08/2019 തീയതിയിലെ സ.ഉ(കൈ)നം.25/2019/ഡിഎംഡി ഉത്തരവ്
4) 24/08/2019 തീയതിയിലെ സ.ഉ(കൈ)നം. 26/2019/ഡിഎംഡി ഉത്തരവ്
5) 18/06/2023 തീയതിയിലെ സ.ഉ(കൈ)നം.6/2023/ഡിഎംഡി ഉത്തരവ്
6) 14/08/2024 തീയതിയിലെ കേന്ദ്ര സർക്കാരിന്റെ 33-7/2021-NDM-I നമ്പർ കത്ത്
7) 04/12/2024 തീയതിയിലെ മെമ്പർ സെക്രട്ടറി, KSDMAയുടെ MTO VII/1896/2024/Admin നമ്പർ കത്ത്
8) 10/12/2024 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/12217/2022/LR(H2) നമ്പർ കത്ത്
9) 08/01/2025 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം പ്രകൃതി ദുരന്തത്തിൽ വീട് പൂർണമായും തകർന്ന (75%മോ അതിലധികമോ) /വാസയോഗ്യം അല്ലാതായ/ ദുരന്തസാധ്യതയുള്ളതായി കണ്ടെത്തിയ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിലെ വിഹിതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് ആകെ 4 ലക്ഷം (നാല് ലക്ഷം രൂപ) രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് ദുരന്ത ബാധിതർക്ക് ഭവന നിർമ്മാണ മേഖലയിൽ ഏറ്റവും കുറഞ്ഞ ധനസഹായം (Minimum relief code) ഉറപ്പുവരുത്തുന്നതിലേയ്ക്കായി പരാമർശം 2, 3, 4 ഉത്തരവുകൾ പ്രകാരം ഭവനനാശത്തിന്റെ തോത് അനുസരിച്ച് SDRFൽ നിന്നും CMDRFൽ നിന്നുമുള്ള ധനസഹായത്തിന്റെ സ്ലാബുകൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം 5 ഉത്തരവ് പ്രകാരം, 2022-23 മുതൽ 2025-26 കാലഘട്ടത്തിലേയ്ക്ക് കേന്ദ്ര

സർക്കാരിന്റെ പുതുക്കിയ SDRF മാനദണ്ഡങ്ങൾ 01/04/2022 പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത മാനദണ്ഡപ്രകാരം, പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാതായതോ ആയ വീടുകൾക്ക് മലമ്പ്രദേശങ്ങളിൽ Rs.1,30,000/-രൂപയും, സമതല പ്രദേശങ്ങളിൽ Rs. 1,20,000/- അനുവദിക്കുകയും 15%-ൽ അധികം നാശനഷ്ടം നേരിട്ട ഭാഗികമായി തകർന്ന വീടുകൾക്ക് 6500/-രൂപയും അനുവദിക്കുകയുണ്ടായി.

മേൽപരാമർശം 6 പ്രകാരം , സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ Recovery and Reconstruction Window യിൽ നിന്നുള്ള ധനസഹായത്തിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം പൂർണ്ണമായും തകർന്ന (70%ത്തിലധികം തകർച്ച നേരിട്ട) വീടുകൾക്ക് (മലമ്പ്രദേശം) 2,00,000/- രൂപയും (സമതലം) 1,80,000/- രൂപയും ഗുരുതരമായ തകർച്ച നേരിട്ട (30-70%) വീടുകൾക്ക് (മലമ്പ്രദേശം) 1,00,000/- രൂപയും (സമതലം) 90,000/- രൂപയും അനുവദനീയമാണ്.

മേൽ സാഹചര്യത്തിൽ എല്ലാ ദുരന്ത ബാധിതർക്കും അർഹമായ ധനസഹായം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സംസ്ഥാന ദുരന്ത നിവാരണ നിധിയിലെ വിഹിതവും(SDRF) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും (CMDRF) ചേർത്ത് ധനസഹായത്തിന്റെ സ്ലാബുകൾ നിശ്ചയിക്കേണ്ട ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവർ സ്ലാബുകൾ നിശ്ചയിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന്റെ തോതിന് ആനുപാതികമായി സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നുള്ള വിഹിതവും മുഖ്യമന്ത്രിയുടെ ദുരിതശാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് ധനസഹായം അനുവദിക്കുന്നതിനായി, 01/04/2022 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ താഴെ പറയും പ്രകാരം സ്ലാബുകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നാശനഷ്ടത്തിന്റെ തോത് | SDRF(Rs) | | CMDRF(Rs) | | ആകെ തുക (Rs) | |
|---|---|---|---|---|---|---|
| | സമതലം | മലമ്പ്രദേശം | സമതലം | മലമ്പ്രദേശം | സമതലം | മലമ്പ്രദേശം |
| കുറഞ്ഞത് 15% | 6500 | 6500 | 3500 | 3500 | 10,000 | 10,000 |
| 16-29% | 45,000 | 50,000 | 15,000 | 10,000 | 60,000 | 60,000 |
| 30-59% | 90,000 | 1,00,000 | 35,000 | 25,000 | 1,25,000 | 1,25,000 |
| 60-70% | 90,000 | 1,00,000 | 1,60,000 | 1,50,000 | 2,50,000 | 2,50,000 |
| 70%ത്തിലധികം | 1,80,000 | 2,00,000 | 2,20,000 | 2,00,000 | 4,00,000 | 4,00,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ് (OA )
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തിരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 09-01-2025 16:52:15**
സെക്ഷൻ ഓഫീസർ